## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.08.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. എൺപതാമത് സ്വാതന്ത്ര്യ ദിനത്തിന് മുന്നോടിയായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. ആകാശവാണിയും ദൂരദർശനും രാത്രി ഏഴ് മണിക്ക് അഭിസംബോധന തത്സമയം ജനങ്ങളിലെത്തിക്കും.

   **President Droupadi Murmu will address the nation today ahead of the 80th Independence Day. All India Radio and Doordarshan will broadcast the address live to the public at 7:00 PM.**

2. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ നാളെ നടക്കുന്ന സ്വാതന്ത്ര്യ ദിനാഘോഷപരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാക ഉയർത്തി ജനങ്ങളെ അഭിസംബോധന ചെയ്യും. രാജ്യമെമ്പാടും സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കി.

   **Prime Minister Narendra Modi will hoist the national flag and address the nation tomorrow during the Independence Day celebrations at the Red Fort in New Delhi. Security arrangements have been tightened across the country.**

3. രാജ്യത്തിന്റെ ചരക്ക് സേവന കയറ്റുമതി ജൂലൈയിൽ 13.3 ശതമാനം വളർച്ച രേഖപ്പെടുത്തി.

**Country's exports register robust growth of over 13 per cent in July.**

4. **കേരളത്തിൽ പൊലീസ് സ്റ്റേഷനുകളെ കൂടുതൽ ജനസൗഹൃദമാക്കുന്നതിനുള്ള 'മൈ പൊലീസ് സ്റ്റേഷൻ' പദ്ധതിക്ക് ഇന്ന് തുടക്കമാകും.**

**'My Police Station' project, aimed at making police stations in Keralam more people-friendly, will be launched today.**

5. **ഉത്തരാഖണ്ഡിൽ തുരങ്കത്തിലുണ്ടായ മണ്ണിടിച്ചിലിൽ ആറ് മരണം. 20 തൊഴിലാളികളെ രക്ഷപ്പെടുത്തി.**

**In Uttarakhand Six people died in a tunnel landslide. 20 workers were rescued.**

6. **കേരളത്തിൽ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആറ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**

**The India Meteorological Department has forecast heavy rain and strong winds in Keralam. A yellow alert has been issued in six districts today.**

❁❁❁❁❁❁❁❁❁❁❁❁❁

**PREZ- ADDRESS**

സ്വാതന്ത്ര്യ ദിനത്തിന് മുന്നോടിയായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. ആകാശവാണിയുടെ എല്ലാ നിലയങ്ങളും രാത്രി 7 മണിക്ക് അഭിസംബോധന പ്രക്ഷേപണം ചെയ്യും. രാത്രി 9.30 ന് പ്രാദേശിക ഭാഷകളിൽ അഭിസംബോധനയുടെ പ്രക്ഷേപണം

ഉണ്ടാകും. ദൂരദർശനിൽ ഹിന്ദിയിലും തുടർന്ന് ഇംഗ്ലീഷിലും അതാത് പ്രാദേശിക ഭാഷകളിലും രാഷ്ട്രപതിയുടെ അഭിസംബോധന സംപ്രേഷണം ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁

## INDEPENDENCE DAY

എൺപതാമത് സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ നാളെ നടക്കുന്ന ആഘോഷപരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നേതൃത്വം നൽകും. ദേശീയപതാക ഉയർത്തിയശേഷം അദ്ദേഹം രാജ്യത്തെ അഭിസംബോധന ചെയ്യും. യുവശക്തിക്കും, ദേശീയഗീതമായ വന്ദേമാതരത്തിനുമാണ് സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ ഇത്തവണ പ്രാധാന്യം നൽകുന്നത്. വന്ദേമാതരത്തിൻറെ 150 – ാാം വാർഷികത്തിൽ ചുവപ്പ്കോട്ടയിൽ ഇക്കുറി ആദ്യമായി വന്ദേമാതരം ആലപിക്കുമെന്ന പ്രത്യേകതയുമുണ്ട്. സ്വാതന്ത്യ ദിനാഘോഷങ്ങളോടനുബന്ധിച്ച് രാജ്യമെമ്പാടും ശക്തമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഹർഘർ തിരംഗയുടെ ഭാഗമായ തിരംഗയാത്രകളും പുരോഗമിക്കുകയാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## GOVERNOR

80-ാമത് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ജനങ്ങൾക്ക് ആശംസകൾ നേർന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. സ്വാതന്ത്ര്യവും സമത്വവും ഐക്യവും കാത്തുസൂക്ഷിക്കേണ്ടതും, ഓരോ പൗരന്റെയും അന്തസ്സും നീതിയും ഉറപ്പാക്കുന്ന ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കേണ്ടതും നമ്മുടെ പവിത്രമായ കടമയാണെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

## PARTITION HORRORS REMEMBRANCE DAY

വിഭജനത്തിൻറെ ഭീകരതയെ അനുസ്മരിക്കുന്ന ദിനമായ ഇന്ന്, 1947-ലെ ഇന്ത്യ- പാക് വിഭജനത്തിനിടെ ജീവൻ നഷ്ടപ്പെടുകയും, സമാനതകളില്ലാത്ത ദുരിതങ്ങൾ അനുഭവിച്ചവരുടെയും ഓർമ്മ പുതുക്കി രാജ്യം ആദരാഞ്ജലികൾ അർപ്പിക്കും. ദിനാചരണത്തിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. 2021 മുതലാണ് ഓഗസ്റ്റ് 14 വിഭജന ഭീകരതാ അനുസ്മരണ ദിനമായി ആചരിച്ചു തുടങ്ങിയത്.

## EXPORT GROWTH- INDIA(INTRO)

രാജ്യത്തിന്റെ ചരക്ക്, സേവന മേഖലകളിലെ കയറ്റുമതിയിൽ വൻ വർദ്ധന. ജൂലൈയിൽ 13.3 ശതമാനം വളർച്ച രേഖപ്പെടുത്തി കയറ്റുമതി 80.14 ബില്യൺ യുഎസ് ഡോളറിലെത്തി.

*വിശദാംശങ്ങളിലേക്ക്*
*(വോയിസ് )*

## EXPORT GROWTH- INDIA(VOICE)

വാണിജ്യ മന്ത്രാലയത്തിൻറെ കണക്കുകൾ പ്രകാരം ചരക്ക് കയറ്റുമതിയിലെ മികച്ച പ്രകടനമാണ് ഈ നേട്ടത്തിന് പ്രധാന കാരണം. ഇന്ത്യയുടെ പ്രധാന കയറ്റുമതി രാജ്യങ്ങളായ അമേരിക്ക, ചൈന, സിംഗപ്പൂർ, കെനിയ, മലേഷ്യ എന്നിവിടങ്ങളിലേക്കും യു.എ.ഇ, നെതർലാൻഡ്സ്, ജർമ്മനി, ദക്ഷിണാഫ്രിക്ക, ടാൻസാനിയ, ഓസ്ട്രേലിയ, ശ്രീലങ്ക, ഇറ്റലി, വിയറ്റ്നാം എന്നീ രാജ്യങ്ങളിലേക്കുമുള്ള കയറ്റുമതിയിൽ ഈ വർഷം ജൂലൈയിൽ മികച്ച വളർച്ച രേഖപ്പെടുത്തി.

നടപ്പ് സാമ്പത്തിക വർഷത്തിലെ ആദ്യ നാല് മാസങ്ങളിൽ സിംഗപ്പൂർ, ചൈന, ടാൻസാനിയ, ദക്ഷിണാഫ്രിക്ക, ശ്രീലങ്ക എന്നിവ കയറ്റുമതി മൂല്യത്തിൽ വൻ വർദ്ധനവ് രേഖപ്പെടുത്തിയ പ്രധാന രാജ്യങ്ങളിൽ ഉൾപ്പെടുന്നു.

ആഗോളതലത്തിൽ അനിശ്ചിതത്വങ്ങൾ നിലനിൽക്കുമ്പോഴും പശ്ചിമേഷ്യൻ മേഖലയിലേക്കുള്ള ഇന്ത്യയുടെ കയറ്റുമതി ജൂലൈയിൽ 8.62 ശതമാനവും അമേരിക്കയിലേക്കുള്ള കയറ്റുമതി 12.85 ശതമാനവും വർധിച്ചു.

*ന്യൂസ് ഡെസ്ക് ആകാശവാണി .....*

## VIRENDRA KUMAR – NCSC

ന്യൂഡൽഹിയിൽ നടക്കുന്ന മുതിർന്ന പൗരന്മാർക്കായുള്ള ദേശീയ കൗൺസിലിന്റെ അഞ്ചാമത് യോഗത്തിൽ കേന്ദ്ര മന്ത്രി വീരേന്ദ്ര കുമാർ ഇന്ന് അധ്യക്ഷത വഹിക്കും. മുതിർന്ന പൗരന്മാരുടെ ക്ഷേമവുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങൾ യോഗം ചർച്ച ചെയ്യും. മന്ത്രാലയങ്ങൾ തമ്മിലുള്ള സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും മുതിർന്ന പൗരന്മാർക്ക് സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധത കൂടുതൽ ദൃഢമാക്കുന്നതിന് ചർച്ചകൾ സഹായിക്കുമെന്ന് സാമൂഹിക നീതി - ശാക്തീകരണ മന്ത്രാലയം അറിയിച്ചു.

## SC– SURYA KANT (INTRO)

നീതിന്യായ വ്യവസ്ഥയിൽ സുതാര്യത ഉറപ്പാക്കാൻ സുപ്രീം കോടതി പ്രതിജ്ഞാബദ്ധമെന്ന് ചീഫ് ജസ്റ്റിസ് സുര്യകാന്ത്.

ഈ പ്രതിജ്ഞാബദ്ധതയുടെ ഉദാഹരണമാണ് കോടതി നടപടികളുടെ തത്സമയ സംപ്രേഷണം എന്നും അദ്ദേഹം പറഞ്ഞു. ദൂരദർശൻ വാർത്തകൾക്ക് നൽകിയ അഭിമുഖത്തിലാണ് ചീഫ് ജസ്റ്റിസിൻറെ പരാമർശം. കോടതിയിൽ കേസുകൾ കെട്ടിക്കിടക്കുന്നത് നീതിന്യായ വ്യവസ്ഥയ്ക്ക് മുന്നിലുള്ള പ്രധാന വെല്ലുവിളിയാണെന്നും അദ്ദേഹം പറഞ്ഞു.

***(ഹോൾഡ് വോയിസ്)***

## UTHARAKHAND-TUNNEL

ഉത്തരാഖണ്ഡിൽ നിർമ്മാണത്തിലിരുന്ന തുരങ്കത്തിലുണ്ടായ മണ്ണിടിച്ചിലിൽ ആറ് പേർ മരിച്ചു. 14 പേർക്ക് പരിക്കേറ്റു. ചമോലി ജില്ലയിലെ ജലവൈദ്യുത പദ്ധതിയുടെ തുരങ്കത്തിലാണ് അപകടമുണ്ടായത്. കുടുങ്ങി കിടന്നിരുന്ന 22 തൊഴിലാളികളിൽ 20 പേരെ രക്ഷപ്പെടുത്തി.

## VIZHINJAM-NAVAIKULAM

വിഴിഞ്ഞം- നാവായിക്കുളം ഔട്ടർ റിങ് റോഡിന് പരിസ്ഥിതി മന്ത്രാലയത്തിൻറെ അനുമതി ലഭിച്ചു. എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റിയുടെ യോഗത്തിലാണ് ഇക്കാര്യത്തിൽ തീരുമാനമായത്. പദ്ധതിക്ക് പരിസ്ഥിതി അനുമതി നൽകണമെന്ന ആവശ്യമുന്നയിച്ച് അടൂർ പ്രകാശ് എം.പി പരിസ്ഥിതി മന്ത്രിക്ക് കത്ത് നൽകുകയും പിന്നീട് അനുമതി ലഭിച്ച വിവരം മന്ത്രാലയം അദ്ദേഹത്തെ അറിയിക്കുകയുമായിരുന്നു.

## MY POLICE STATION

കേരളത്തിൽ ജനസൗഹൃദ പൊലീസ് സംവിധാനത്തിന് നവീന മുഖം നൽകുന്ന 'മൈ പൊലീസ് സ്റ്റേഷൻ' പദ്ധതിക്ക് ഇന്ന് തുടക്കമാകും. തിരുവനന്തപുരം പേരൂർക്കട പൊലീസ് സ്റ്റേഷനിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കും. പരാതിക്കാർക്ക് ആത്മവിശ്വാസത്തോടെ കടന്നുചെല്ലാൻ കഴിയുന്ന സേവനകേന്ദ്രങ്ങളാക്കി പൊലീസ് സ്റ്റേഷനുകളെ മാറ്റുകയാണ് പദ്ധതിയുടെ പ്രധാനലക്ഷ്യം.

## SURESHGOPI

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ബിജെപി കൊച്ചി നഗരത്തിൽ സംഘടിപ്പിച്ച തിരംഗയാത്ര കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. രാജേന്ദ്രമൈതാനിയിൽ നിന്നും ആരംഭിച്ച് മറൈൻ ഡ്രൈവ് വരെ നീണ്ട തിരംഗ യാത്രയുടെ ഭാഗമായി വന്ദേമാതരം ആലാപനമുൾപ്പടെ അരങ്ങേറി.

## AIRFORCE BAND

ഇന്ത്യൻ വ്യോമസേനാ ബാൻഡ് തിരുവനന്തപുരം കനകക്കുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് അവതരിപ്പിച്ച സംഗീത വിരുന്ന് നഗരവാസികൾക്ക്

വിസ്മയമായി. ചടങ്ങിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ മുഖ്യാതിഥിയായി പങ്കെടുത്തു. വ്യോമസേനയിലെയും മറ്റ് സേനാ വിഭാഗങ്ങളിലെയും മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. ദക്ഷിണ വ്യോമ സേനയുടെ സംഗീത വിരുന്ന് ആസ്വദിക്കാൻ വലിയ ജനാവലിയാണ് എത്തിയത്.

## WOMEN WALKATHON

സ്വാതന്ത്ര്യദിനാഘോഷത്തിൻറെ ഭാഗമായി സംസ്ഥാന വനിതാ ശിശു വികസന വകുപ്പ് സംഘടിപ്പിക്കുന്ന വനിതകളുടെ ഒത്തുചേരൽ ഇന്ന് രാത്രി 9.30 മുതൽ തിരുവനന്തപുരത്ത് നടക്കും. നാളെ പുലർച്ചെ ഒരു മണി വരെയാണ് പരിപാടി. മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും. പരിപാടിക്ക് ശേഷം തിരികെ പോകാൻ കെ.എസ്.ആർ.ടി.സി പ്രത്യേക സർവീസുകൾ ക്രമീകരിച്ചിട്ടുണ്ട്.

## KARNATAKA-BUS(INTRO)

ഓണത്തോടനുബന്ധിച്ച് കർണാടക ട്രാൻസ്പോർട്ട് കോർപറേഷൻ കേരളത്തിലേക്ക് 90 അധിക ബസ് സർവ്വീസുകൾ നടത്തും.

***കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി....***

*(വോയിസ്)*

RAIN-KERALA

കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് . ഇന്ന് ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

CANADIAN OPEN TENNIS

കനേഡിയൻ ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസ് കിരീടം പോളണ്ടിന്റെ ഇഗ സ്വിയാടെക്കിന് . ഇന്നലെ രാത്രി ടൊറന്റോയിൽ നടന്ന ഫൈനലിൽ ഏഴാം സീഡായ സ്വിയാടെക്, രണ്ടാം സീഡ് താരം എലേന റൈബാക്കിനയെ നേരിട്ടുള്ള സെറ്റുകൾക്ക് പരാജയപ്പെടുത്തി.

FENCING-CHAMPIONSHIP

കോമൺവെൽത്ത് ഫെൻസിംഗ് ചാമ്പ്യൻഷിപ്പിൽ 35 മെഡലുകളുമായി ഓവറോൾ കിരീടം നേടി ഇന്ത്യ. അണ്ടർ-23, സീനിയർ വിഭാഗങ്ങളിലായി 13 സ്വർണ്ണവും 8 വെള്ളിയും 14 വെങ്കലവുമാണ് ഇന്ത്യ സ്വന്തമാക്കിയത്. മികച്ച പ്രകടനം

കാഴ്ചവെക്കുന്ന രാജ്യത്തിന് കോമൺവെൽത്ത് ഫെൻസിംഗ് ഫെഡറേഷൻ നൽകുന്ന 'വിൽകിൻസൺ സ്വോഡ് ട്രോഫിയും' ഇന്ത്യ കരസ്ഥമാക്കി.

## CRICKET TEST

ഇന്ത്യ-ശ്രീലങ്ക ടെസ്റ്റ് പരമ്പരയിലെ ആദ്യ മത്സരം നാളെ ഗാലെ ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ആരംഭിക്കും. രണ്ട് മത്സരങ്ങളുള്ള പരമ്പരയിലെ രണ്ടാം ടെസ്റ്റ് ഈ മാസം 23 മുതൽ 27 വരെ കൊളംബോയിൽ നടക്കും.